(സി) ഒരു യൂണിറ്റ് വൈദ്യുതി കേന്ദ്ര പൂളിൽ നിന്നും (രാമഗുണ്ടം) വാങ്ങുന്നതിന് എൻ.ടി.പി.സി ക്കു നൽകുന്ന വില 103 പൈസ ആണ്. ഇതിനു പുറമേ യൂണിറ്റിന് 13 പൈസ നിരക്കിൽ പ്രസരണ ഇനത്തിലും ചിലവാകുന്നുണ്ട്.

128 (2506) ജലവൈദ്യുത പദ്ധതികൾ

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ജല വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന നാല് ജല വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തു.

1) പേപ്പാറ ചെറുകിട ജല വൈദ്യുത പദ്ധതി - 3 മെഗാവാട്ട് - 1996.
2) ലോവർ പെരിയാർ ജല വൈദ്യുത പദ്ധതി - 180 മെഗാവാട്ട്.
3) മാട്ടുപ്പെട്ടി ചെറുകിട ജല വൈദ്യുത പദ്ധതി -2 മെഗാവാട്ട്.
4) പെരിങ്ങൽകുത്ത് ഇടതുകര വികസന പദ്ധതി - 16 മെഗാവാട്ട് - 1999.

129 (2507) കണ്ണൂരിൽ ആരംഭിക്കുവാൻ തീരുമാനിച്ച താപനിലയം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുരാഷ്ട്ര കമ്പനിയായ എൻറോണുമായി കൂട്ടുചേർന്നു കൊണ്ട് കെ.പി.പി. എന്ന സ്ഥാപനം കണ്ണൂരിൽ ആരംഭിക്കുവാൻ തീരുമാനിച്ച താപനിലയത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംരംഭത്തിൽ നിന്നും എൻറോൺ പിൻമാറും എന്നുള്ള വാർത്ത ശരിയാണോ?

ഉത്തരം

(എ) ഈ താപനിലയത്തിനുള്ള സാമ്പത്തിക സാങ്കേതികാനുമതി കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയിൽ നിന്നും ലഭിച്ചില്ല.

(ബി) എൻറോണുമായി കൂട്ടുചേർന്നുള്ള സംരംഭം സംസ്ഥാന സർക്കാർ നയപരമായി അംഗീകരിക്കുന്നില്ല എന്നുള്ള വിവരം സർക്കാർ തന്നെ കണ്ണൂർ പവർ പ്രോജക്റ്റ് പ്രൈവറ്റ് ലിമിറ്റഡിനേയും കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയേയും അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ ഒരു നിർദ്ദേശം കണ്ണൂർ പവർ പ്രോജക്റ്റ് പ്രൈവറ്റ് ലിമിറ്റഡ് സംസ്ഥാന വൈദ്യുതി ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly